കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# *തെന്മല ഗ്രാമപഞ്ചായത്ത്*

# *ഓഡിറ്റ് റിപ്പോർട്ട് 2017-2018*

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-1/328/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –04/05/2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തെന്മല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെന്മല ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്മലഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-1/328/2019 തീയതി –04/05/2019

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 13-02-2019 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 07 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യൂറോയി.കെ.പി<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.02.19മുതൽ<br>23.02.19വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിജിവർഗ്ഗീസ്<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |

| | |
|---|---|
| | ശ്രീ.അജ്മൽ എ.എസ്.<br>(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.ചന്ദ്രപ്രകാശ്.സി<br>( സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| | ശ്രീമതി.ജമീല ബീവി.എം.<br>(ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ആർ.ലൈലജ | 1.4.17 മുതൽ<br>31.3.18 വരെ |
| സെക്രട്ടറി | ശ്രീ.രാജു.എം. | 1.4.17<br>മുതൽ<br>31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ. മൈക്കിൾ.സി | 1.4.17 മുതൽ<br>31.03.2018 വരെ |
| അസി.എഞ്ചിനിയർ | ശ്രീ. പി.പത്മകുമാർ | 1.4.17 മുതൽ<br>31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.അജോയ്<br>സുകുമാരൻ | 1.4.17 മുതൽ<br>31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രീത.ആർ | 1.4.17മുതൽ<br>28.08.17വരെ |
| | ഡോ. അനിതാ<br>നാരായണൻ | 29.08.17മുതൽ<br>13.02.2018വരെ |
| | ഡോ.പ്രീത.ആർ | 14.02.2018മുതൽ<br>31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.അജീഷ് കുമാർ<br>ബി.എസ്സ്. | 01.04.2017 തൽ<br>31.03.2018വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സരളകുമാരി | 01.04.17മുതൽ 31.05.17 വരെ |
| | ഡോ.ഷാജി | 01.06.17മുതൽ 02.07.17വരെ |
| | ഡോ. ഗീതു മോഹൻ | 03.07.17 മുതൽ 31.3.18വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഷാജി ജോസ് | 01.04.17 മുതൽ 31.3.18വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. നിഥിൻ ജോൺസൺ | 1.4.17മുതൽ 31.05.2017 വരെ |
| | ഡോ.ബിജു | 01.06.17 മുതൽ 29.06.17 വരെ |
| | ഡോ. സയിദ് മുഹമ്മദ് | 30.06.17 മുതൽ 21.08.17 FN വരെ |
| | ഡോ.കൃഷ്ണ പ്രസാദ് | 21.08.17 AN മുതൽ 09.02.18FN വരെ |
| | ഡോ. ജിതിൻരാജ് | 09.02.2018 AN മുതൽ 31.3.18വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. സുജാത. കെ | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ദീപ.എസ് | 01.04.17 മുതൽ 31.03.18വരെ |
| വി.ഇ.ഒ. | ശ്രീ. നിധീഷ് ദേവ് | 01.04.17 മുതൽ 31.03.18വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽനികുതി-അപാകതകൾ | 2-1 |
| 14 | ലേലം – ജി.എസ്.ടി.ഈടാക്കിയിട്ടില്ല. | 2-2 |
| 15 | മൊബൈൽ ടവറുകളിൽ നിന്ന് കുടിശ്ശിക ഉൾപ്പെടെ വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു | 2-3 |
| 16 | ടെണ്ടർ ഫോം വില - പഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 2-4 |
| 17 | പി.എച്ച്.സി- ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച. | 2-5 |
| | ഭാഗം 3 | |
| 18 | തെരുവുവിളക്കുകൾ സ്ഥാപിക്കൽ - ടെണ്ടർ നടപടിയിലും നിർവ്വഹണത്തിലും അപാകതകൾ. | 3-1 |
| 19 | തെരുവ് വിളക്കുകളുടെ മെയിന്റനൻസ്-ചെലവ് രേഖകൾ ഹാജരാക്കിയില്ല. തടസ്സം-14,000/-രൂപ | 3-2 |

| | | |
|---|---|---|
| 20 | എസ്സ് സി കോളനികളിലെ തെരുവ് വിളക്ക്കൾക്ക് മീറ്റർ സ്ഥാപിക്കൽ-പദ്ധതി പൂർത്തീകരിച്ചില്ല | 3-3 |
| 21 | മഴക്കാല പൂർവ്വശുചീകരണം ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 3-4 |
| 22 | ജീവിതശൈലീ രോഗങ്ങൾ മരുന്ന് ഉപകരണങ്ങൾ വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 3-5 |
| 23 | പൂർത്തീകരണ സാക്ഷ്യത്രം ഹാജരാക്കിയിട്ടില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-6 |
| 24 | പി.എച്ച്.സി ലാബിലേക്ക് റിയേജന്റ് വാങ്ങൽ - റിയേജന്റ്സ് പൂർണ്ണമായും ലഭ്യമായിട്ടില്ല. | 3-7 |
| 25 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാൻ കഴിയാത്ത അവസ്ഥയിൽ. | 3-8 |
| | ഭാഗം 4 | |
| 26 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം | 4-1 |
| 27 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/വായ്പതിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 33 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 36 | അനുബന്ധം-1, ഓഡിറ്റ് സാക്ഷ്യപത്രം 2017-2018 | 1 |
| 37 | അനുബന്ധം-2, അനുബന്ധ പത്രികകൾ | 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.17 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 14.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 04.06.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 & 21.06.2018 | കെ.എസ്.എ.- കെ.എൽ.എം./ പി-1/ 1260/18/ 07.01.19 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,18,82,953/- |
| വരവ് | 8,94,15,319/- |
| ആകെ | 10,12,98,272/- |
| ചെലവ് | 9,46,80,586/- |
| നീക്കിയിരിപ്പ് | 66,17,686/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 2,74,16,763 | 2,74,16,763 | 2,60,32,772 | 13,83,991 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 82,16,426 | 82.16,426 | 78,68,059 | 3,48,367 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 16,00,120 | 16,00,120 | 10,89,600 | 5,10,520 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 74,57,000 | 74,57,000 | 73,65,822 | 91,178 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 76,12,703 | 76,12,703 | 62.30,049 | 13,82,654 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,25,90,637 | 1,25,90,637 | 1,25,90,216 | 421 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 64,64,244 | 64,64,244 | 62,33,162 | 2,31,082 |
| സാക്ഷരത | | 25,492 | 9,541 | 35,033 | 12,000 | 23,033 |
| ദുരിതാശ്വാസനിധി | | 13,992 | 1600 | 15,592 | 3000 | 12,592 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 400,72,701 | 400,72,701 | 400,72,701 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 16,838 | 14,96,140 | 15,12,978 | 15,09,610 | 3,368 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | സമ്പൂർണ്ണ ശുചിത്വം | 2,85,459 | 12,81,912 | 15,67,371 | 12,56,929 | 3,10,442 |
| ബി ഫണ്ട് | | 0 | 94,39,500 | 94,39,500 | 94,39,500 | 0 |
| SBT- നാഷണൽ ഓൾഡേജ് പെൻഷൻ | | 23,097 | 860 | 23,957 | 0 | 23,957 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 60,09,608 | 75,48,533 | 1,27,58,701 | 84,91,456 | 50,66,685 |
| | ട്രഷറി അക്കൗണ്ട് | 55,08,467 | 98,18,004 | 1,53,26,471 | 1,43,01,549 | 10,24,992 |

<u>കുറിപ്പ്:-</u>

1. ദുരിതാശ്വാസനിധി വരവ് 1600/- രൂപയാണ്.എന്നാൽ 600/- രൂപയേ എ.എഫ് എസ്.ലെ RP-29 ൽ ഉൾപ്പെടുത്തിയിട്ടുള്ളു.

2. വികസനഫണ്ട് ജനറൽ ചെലവ് തുക എ.എഫ്.എസ്.മായി പൊരുത്തപ്പെടുന്നില്ല. ആയത് ക്വാളിഫിക്കേഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

3.ബി ഫണ്ട്- തൊഴിൽ രഹിത വേതനം യഥാർത്ഥ ചെലവ് 42,600/-രൂപയ്ക്ക് പകരം 60,600/-രൂപയാണ് എ.എഫ്.എസ്.ലെ RP-7 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് ക്വാളിഫിക്കേഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

4. ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള നീക്കിയിരിപ്പ് തുകകൾക്ക് (ജോയിന്റ് വെഞ്ച്വർ, ഐ.സി.ഡി.എസ്., വിമുക്തി, കോർപ്പസ്) പ്രത്യേക അക്കൗണ്ടും എ.സി.ആർ.ഉം സൂക്ഷിച്ചിട്ടില്ല.ടി തുകകൾ എല്ലാം തനത്ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ആയതിനാൽ ആയതിന്റെ വരവ് -ചെലവ് കണക്കുകൾ പ്രത്യേകം കാണിക്കാൻ സാധിക്കുന്നില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 287 | 10,90,82,785 | 228 | 7,35,07,041 | - | 59 | 79 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16,838 | 14,96,140 | 15,12,978 | 15,09,610 | 3,368 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,00,59,231 | 4,00,59,231 | 4,00,59,231 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക (രൂപ) | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60,600 | 76 |
| കർഷകതൊഴിലാളി പെൻഷൻ | 16,49,400 | 640 |
| വിധവാപെൻഷൻ | 39,09,600 | 1,563 |
| വാർദ്ധക്യകാലപെൻഷൻ | 28,78,200 | 1,501 |
| വികലാംഗപെൻഷൻ | 8,63,700 | 355 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ അമ്മമാർക്കുള്ള പെൻഷൻ | 78,000 | 27 |

## **1-9** ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.02.19-ന് അസി.സെക്രട്ടറി, ശ്രീ.ആർ.രാജേഷ് കുമാറിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,200/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## **1-10** ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച നൽകിയിട്ടുണ്ട്. അക്കൗണ്ടിംഗ് സമ്പ്രദായം സുതാര്യമാണ്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ച നൽകിയിട്ടുണ്ട്.ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഔട്ട്ഡോർ കളക്ഷനായി ഉപയോഗിക്കുന്ന മാനുവൽ രസീതുകളിൽ രസീതുകളുടെ എണ്ണം തിട്ടപ്പെടുത്തി സർട്ടിഫൈ ചെയുന്നതിലും സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന രസീതുകൾ ക്യാൻസൽ ചെയ്യുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വസ്തുനികുതി,തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ് ,കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളുടെ അബ്സ്ട്രാക്ട് തയ്യാറാക്കി കൃത്യമായി സൂക്ഷിക്കുന്നില്ല. കെട്ടിടങ്ങളുടെ നിർമ്മിതി സംബന്ധിച്ച് ശരിയായ വിവരശേഖരണം

നടത്തി കെട്ടിട നികുതി അസസ്സ് ചെയ്യുന്നതിൽ വീഴ്ചവരുത്തുയിട്ടുണ്ട്. കുടിശ്ശികകൾ ഈടാക്കുന്നതിനു ഊർജിത നടപടികൾ സ്വീകരിക്കുന്നില്ല. ഇംകുബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/02/2019 | 12/2018-01/2019 | 12/02/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/07/2016-04/08/2016 | 2011-2012 മുതൽ 2015-2016 വരെ | 24.06.16 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.ബാലൻസ് ഷീറ്റ് - ബി.3-ഷെഡ്യൂൾ - ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 2016-17 വർഷത്തിൽ 3,78,55,880/-രൂപയും തൻവർഷം 1,32,10,492/-രൂപയും ആണ്. ക്യാപിറ്റൽ കോൺട്രിബ്യൂഷൻ കുറഞ്ഞ് കാണുന്നു.

2.ബി4-കോഡ്-320200309, 320200399, 320700205, 320700304, 320800199 എന്നിവ പ്രകാരമുള്ള ബാധ്യത തുകകളുടെ വ്യക്തത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3.2016-17 സാമ്പത്തികവർഷത്തിൽ 5,366/-രൂപ ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിച്ചിരുന്നതും തൻവർഷം ടിയിനത്തിൽ വരവ് വന്ന 9,55,120/-രൂപയിൽ ചെലവഴിച്ച 9,48,120/-രൂപ(സുലേഖ ചെലവ് പത്രിക പ്രകാരം) കഴികെ ബാക്കിയുള്ള 7,000/-രൂപയും ഉൾപ്പെടെ ആകെ 12,366/-രൂപ ബാധ്യത അവശേഷിക്കെ 75,366/-രൂപ AFS-ൽ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു. RP-31-ൽ ചെലവ് തുക '0' ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

4.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5.റ്റി.എസ്.സിയിൽ തൻവർഷത്തെ വരവ് മുൻബാക്കി എന്നിവ ഉൾപ്പെടെ 29,74,282/-രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു.2016-17 വർഷത്തിൽ ODF നായി പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചതിൽ റീ ക്ലപ്പ് ചെയ്ത 11,52,360/-രൂപ റ്റി.എസ്.സി ഫണ്ടിൽ നിന്നും കുറവ് ചെയ്യാതെ ബാധ്യതയായി കാണിച്ചിരിക്കുന്നു.

6.കരാറുകാരനിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് പിഴയിനത്തിൽ ഈടാക്കിയ 5,000/-രൂപ ബി-9ഷെഡ്യൂളിൽ Govt. And Other dues Payable (350300106)- ൽ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു.

7.2017-18 വർഷത്തിൽ രൂപീകരിച്ച ആസ്തികൾക്ക് depreciation രേഖപ്പെടുത്തിയിട്ടില്ല.

8.ബി-18-Advance to others (460509901) തുകയുടെ കൃത്യത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9.വികസനഫണ്ട് ജനറൽ, റ്റി.എസ്.പി, MG (NR) എന്നിവയുടെ വരവ് AFS , സാംഖ്യ ACR എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| | AFS | ACR |
|---|---|---|
| DF(General) | 26032772 | 26087523 |
| TSP | 1089600 | 1243600 |
| MG(NR) | 6230049 | 6471049 |

10. തൊഴിലില്ലായ്മ വേതനമിനത്തിൽ തൻവർഷം ചെലവഴിച്ച യഥാർത്ഥ തുക -42,600/-രൂപയാണ്. എന്നാൽ ട്രഷറിയിൽ നിന്നും പിൻവലിച്ച 60,600/- രൂപ വരവ് ചെലവായി ഉൾപ്പെടുത്തിയിക്കുന്നു.

11. RP-31( code -32010015) റ്റി.എസ്.സി ഇനത്തിൽ ലഭിച്ച 1281912/-രൂപയുടെ വരവ് വിശാദാംശങ്ങൾ പരിശോനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

12.ആസ്തി വിവരങ്ങൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

13. 2016-2017 വർഷത്തിൽ MGREGA ക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ 7,38,798/-രൂപ തൻവർഷം തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിൽ നിന്നും റീ ക്ലപ്പ് ചെയ്തത് ടിയിനത്തിലെ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

14. വിവിധ ക്ഷേമപെൻഷനുകളുടെ വരവ് തുകകൾ (DBT) വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

<u>പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-</u>

1) ജോയിന്റ് വെഞ്ച്വർ ബ്ലോക്ക് വിഹിതം നീക്കിയിരിപ്പ് തുക എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പ് 1,00,000/-രൂപയിൽ 20,700/- രൂപയേ എ.എഫ്.എസിലെ B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

2)തൊഴിൽ നികുതി -ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുക എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

3)വസ്തു നികുതി -ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുക എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

4) ദുരിതാശ്വാസനിധി ഇനത്തിലെ വരവ് തുക 1,600/-രൂപയാണ്. എന്നാൽ AFS-ലെ RP-29-ലി 600/-രൂപയേ ഉൾപ്പെടുത്തിയുള്ളൂ.

5) വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി എന്നിവയിൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിനയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ടി തുകകൾ ബാലൻസ് ഷീറ്റ് ബി -18-ൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### **2-1** <u>തൊഴിൽനികുതി-അപാകതകൾ</u>

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽനികുതി ചട്ടം കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തുപ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്നും ഓരോ അർദ്ധവർഷവും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.എന്നാൽ 2017-2018 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ , അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

<u>I)സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.</u>

1)SBI, തെൻമല

2)BSNL, തെൻമല

3)കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ സർക്കിൾ, കൊട്ടാരക്കര

4)കെ.എസ്.ഇ.ബി. സിസ്റ്റം ഓപ്പറേഷൻ സർക്കിൾ

5)എടമൺ സർവീസ് കോപ്പറേറ്റീവ് ബാങ്ക്,

6)കെ.എസ്.ഇ.ബി. സിസ്റ്റം ഓപ്പറേഷൻ സർക്കിൾ

7)യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, തെൻമല

II)സ്ലാബ് പരിധിയനുസരിച്ച് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര്, തസ്തിക | അർദ്ധവാർഷിക വരുമാനം (രൂപ) | ഈടാക്കേണ്ടിയിരുന്ന നികുതി (രൂപ) | ഈടാക്കിയ നികുതി (രൂപ) | നഷ്ടം (രൂപ) |
|---|---|---|---|---|---|
| ഫെഡറൽ ബാങ്ക് ലിമിറ്റഡ് | സഫ്ന പി.അസീസ്, ക്ലാർക്ക് | 1,22,856 | 1000/- | 750/- | 250/- |

III)ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളില ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1)SBI,തെൻമല

2)എൽ.എസ്.ജി.ഡി.എഞ്ചിനിയറിംഗ് വിംഗ് , തെൻമല

3)പോലീസ് സ്റ്റേഷൻ, തെൻമല

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അടിയന്തിരമായി നികുതി ഈടാക്കുകയും വീഴ്ച വരുത്തിയതിന് വിശദീകരണം നൽകുകയും ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.-2/15.02.19
നഷ്ട തുക-250/-രൂപ (ഖണ്ഡിക-2-1(II)
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ – ശ്രീ. രാജു.എം., സെക്രട്ടറി

## 2-2 ലേലം-ജി.എസ്.ടി.ഈടാക്കിയിട്ടില്ല.

2017 -2018 സാമ്പത്തികവർഷത്തെ ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2018-2019 സാമ്പത്തിക വർഷത്തേക്കുള്ള തെന്മല പബ്ലിക് മാർക്കറ്റ് ഗേറ്റ്ഫീസ് പിരിവ് ശ്രീ.രാജ്കുമാർ, സരസ്വതി വിലാസം തെന്മല എന്ന വ്യക്തി 15.03.18 ൽ 42,500/- രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ളതാണ്. എന്നാൽ ലേല തുകയോടൊപ്പം 18% ജി.എസ്.ടി. തുകയായ 7,650/-രൂപ ഈടാക്കിയിട്ടില്ല. 01.07.17 മുതൽ ജി.എസ്.ടി. നിലവിൽ വന്നിട്ടും 15.03.18 ൽ നടന്ന ലേലത്തിൽ ആയത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നഷ്ടമായ 7,650/- രൂപ ഈടാക്കി രേഖകൾ

പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.-3/20.02.19
നഷ്ട തുക-7,650/-രൂപ
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ- ശ്രീ. രാജു.എം.,സെക്രട്ടറി

## 2-3 മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എയർസെൽ, ബി.എസ്.എൻ.എൽ , എം.എസ്.ടവർ എന്നീ മൊബൈൽ ടെലഫോൺ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവർ/ ഉടമസ്ഥൻെറ പേര് | വാർഡ് നം./കെട്ടിട നം. | ചുമത്തിയ വാർഷിക വസ്തു നികുതി (രൂപ) | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക (രൂപ) |
|---|---|---|---|---|
| ബി.എസ്.എൻ.എൽ | 6/138 | 12,500/- | 2013/2014 മുതൽ 2017/2018 വരെ | 62500/- |
| എയർസെൽ | 10/633 | 6,900/- | 2013/2014 മുതൽ 2017/2018 വരെ | 34,500/- |
| | | 780/- | 2012-13 രണ്ടാം അർദ്ധ വർഷം | 390/- |
| | | | ആകെ | 34,890/- |
| എം.എസ്.ടവർ | 4/763 | 618/- | 2017-18 രണ്ടാം അർദ്ധ വർഷം | 309/- |
| ആകെ | | | | 97,699/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കുടിശ്ശിക

ഈടാക്കുന്നതിന് ആർ.ആർ.നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ രേഖകൾ ഹാജരാക്കുന്നതായും മറുപടി ലഭ്യമാക്കി. എന്നാൽ ഓഡിറ്റ് എൻക്വയറി നൽകിയ അതേ തീയതി രേഖപ്പെടുത്തിയ സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത ഡിമാന്റ് നോട്ടീസ് ഫോമിന്റെ പകർപ്പാണ് മറുപടിയോടൊപ്പം ഹാജരാക്കിയത്.
നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 പ്രകാരമുള്ള കാലഹരണപ്പെടലിന് ഇടയാക്കുന്നു. സെക്ഷൻ 243 പ്രകാരം ഒരു പഞ്ചായത്തിന് കിട്ടാനുള്ള നികുതിക്കോ മറ്റ് തുകകൾക്കോ ജപ്തിയോ വ്യവഹാരമോ പ്രോസിക്യൂഷൻ നടപടിയോ തുടങ്ങാമായിരുന്ന തീയതി മുതൽ മൂന്നുവർഷത്തിനുശേഷം ആ നടപടിക്രമങ്ങൾ നടപ്പിലാക്കാൻ പാടില്ലാത്തതാകുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്, കൂടാതെ സെക്ഷൻ 243 (3)ൽ യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ചമൂലം ഏതെങ്കിലും നികുതിയോ തുകയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥരുടെയോ ഉദ്യോഗസ്ഥൻമാരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശസഹിതം ആ ഉദ്യോഗസ്ഥനിൽനിന്നോ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. വസ്തുനികുതി കുടിശ്ശിക ഒടുക്കാൻ അവശേഷിക്കുന്ന മൊബൈൽ ടവറുകളുടെ കുടിശ്ശിക ഈടാക്കുന്നതിനും അല്ലാത്തപക്ഷം നിയമാനുസൃതമായി സ്വീകരിക്കേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനും ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയും സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും ശ്രദ്ധ പുലർത്തേണ്ടതാണ്. അടിയന്തിര തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 6/21.02.19
നഷ്ട തുക-97,699/-രൂപ
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ – ശ്രീ. രാജു.എം.,സെക്രട്ടറി

## 2-4 <u>ടെൻഡർ ഫോം വില - പഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.</u>

തൻവർഷം 11 മരാമത്തുപ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ–ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടി തുക തിരികെ ഈടാക്കിയിട്ടില്ല. തൻവർഷം ടെൻഡർഫോം വിലയിനത്തിൽ
47,300/-രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവുവന്നിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്തപക്ഷം ടി തുക പഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. ആയതിനാൽ ടി തുക തിരികെ ഈടാക്കുന്നതിനുള്ള

അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

മുൻവർഷങ്ങളിലും ഈയിനത്തിലുള്ള തുക പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. പഞ്ചായത്തിന് അർഹമായ പ്രസ്തുത വരവു തുക തിരികെ ലഭ്യമാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 പി.എച്ച്.സി- ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച.

തെന്മല ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സിയിൽ പരിപാലിക്കുന്ന കാഷ്ബുക്കിൽ ബിൽ ബുക്ക് പ്രകാരം വരവായ എല്ലാ തുകകളും കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ ബുക്ക് പ്രകാരം 2017-2018 വർഷം വരവായ തുകകൾ | കാഷ് ബുക്കിൽ 2017-2018 വർഷം രേഖപ്പെടുത്തിയിട്ടുള്ള തുകകൾ |
|---|---|
| 12,40,306 | 6,66,512 |

ബിൽ നമ്പർ05/30.06.2017 – 2,68,680/- രൂപ, ബിൽ നമ്പർ06/30.06.2018 -2,10,000രൂപ, ബിൽ നമ്പർ 07/30.06.2018 – 25,800/-രൂപ, ബിൽ നമ്പർ 08/30.06.2017/50,000/-രൂപ, ബിൽ നമ്പർ 10/19.08.2017 - 2,051/- രൂപ, ബിൽ നമ്പർ 11/19.08.2017 - 17,263/-രൂപ എന്നീ തുകകൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇതിൽ ബിൽ നമ്പർ 10/19.08.2017 പ്രകാരം പിൻവലിച്ച 2,051/-രൂപ 11/19.08.2017- 17,263/-രൂപയുടേയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ക്യാഷ് ബുക്കിൽ തുക രേഖപ്പെടുത്താത്തതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ക്യാഷ്ബുക്കിൽ തുകകൾ രേഖപ്പെടുത്തി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും ബിൽ നമ്പർ .10/19.08.2017, ബിൽ നമ്പർ.11/19.08.2017-ന്റേയും വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 01./15.02.2019 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്കുകൾ സ്ഥാപിക്കൽ - ടെണ്ടർ നടപടിയിലും നിർവ്വഹണത്തിലും അപാകതകൾ.

2017 – 2018 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ടെണ്ടർ നടപടിയിലും നിർവ്വഹണത്തിലും ഉണ്ടായ വീഴ്ചകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി വിശദാംശങ്ങൾ | | | | തുക (രൂപ) |
|---|---|---|---|---|---|
| 1 | എസ്.ഒ161/2018 | | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | | 7,40,120 |
| | അടങ്കൽ | ഫണ്ട് | ലോക ബാങ്ക് ധനസഹായം | 7,40,120 | |
| | ചെലവ് | ബിൽ നമ്പർ | 15/24.08.2017 | 7,40,120 | |
| 2 | എസ്.ഒ164/2018 | | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | | 9,78,822 |
| | അടങ്കൽ | ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7,00,000 | |
| | | | വികസന ഫണ്ട് | 2,80,000 | |
| | ചെലവ് | ബിൽ നമ്പർ | 01/11.07.2017 | 7,00,000 | |
| | | ബിൽ നമ്പർ | 02/11.07.2017 | 2,78,822 | |
| ആകെ | | | | | 17,18,942 |

മേൽ പദ്ധതികളിലേയ്ക്ക് ക്ഷണിച്ച ഇ-ടെണ്ടറുകളിൽ പങ്കെടുക്കുന്ന 9 പേർ ഓട്ടോമാറ്റിക് LED സ്ട്രീറ്റ് ലൈറ്റുകൾക്ക് (25 W) ക്വാട്ട് ചെയ്ത നിരക്ക് ചുവടെ ചേർക്കുന്നു

| ക്രമ നം. | ബിഡറുടെ പേര് | തുക (രൂപ) |
|---|---|---|
| 1 | ഗ്ലോസ് | 1,575 |
| 2 | കേരള കൺസ്ട്രക്ഷൻസ് സ്പെഷ്യാലിറ്റീസ് | 2,520 |
| 3. | കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപറേഷൻ | 3,900 |
| 4. | മെർക്കുറി ഇലക്ട്രിക്കൽ കോർപറേഷൻ | 3,585 |
| 5. | ഒബർ ഓയിൽ ഫീൽഡ് സർവ്വീസ് (പ്രൈ) ലിമിറ്റഡ് | 2,700 |

| | | |
|---|---|---|
| 6. | കൊച്ചുമേലതിൽ ഇലക്ട്രോണിക്സ് | 2,600 |
| 7. | ആർ.ജി.ഇലക്ട്രിക്കൽസ് | 2,750 |
| 8. | ആർ.പി,സി & കമ്പനി | 2,245 |
| 9. | ഉഷാ ഇലക്ട്രോണിക് സിസ്റ്റംസ് | 2,890 |

ഈ ടെണ്ടറുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ഗ്ലോസിന്റെ ഇ-ടെൻഡർ പ്രിലിമിനറി എഗ്രിമെന്റ് ഇൻകംപ്ലീറ്റ് ആയതിനാൽ സ്വീകരിച്ചില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

2.പഞ്ചായത്തിന്റെ ടെണ്ടർ സ്പെസിഫിക്കേഷനിലും സ്വീകരിച്ച ഇ-ടെൻഡറായ ആർ.പി,സി & കമ്പനിയുമായി സെക്രട്ടറി ചമച്ച എഗ്രിമെന്റിലും (15.03.2017) "supply and installation of 25 W Automatic LED Street Lights" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിതരണം നടത്തിയതിനു ശേഷം നൽകിയ ബില്ലിൽ നിന്നും (ബിൽ നമ്പർ 2778/23.05.2017) എഗ്രിമെന്റിന് വിരുദ്ധമായി 24W ലൈറ്റുകളാണ് വിതരണം നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറയ്ക്ക് മറുപടി നൽകിയിട്ടില്ല.

സ്വീകരിച്ച ക്വട്ടേഷനിൽ പറയുന്നതിലും കുറഞ്ഞ വാട്ടുള്ള വൈദ്യുതവിളക്കുകളും വാങ്ങിയ നടപടി ആംഗീകരിക്കുന്നില്ല അതിനാൽ ഈ രണ്ട് പദ്ധതികളിലും ആകെ ചെലവായ ചെലവായ തുക 17,18,942 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സ്വീകരിച്ച ക്വട്ടേഷനിൽ പറയുന്നതിലും കുറഞ്ഞ വാട്ടുള്ള വൈദ്യുതവിളക്കുകൾ വാങ്ങി വിതരണം നടത്തിയതിന് തൃപ്തികരമായ വിശദീകരണം നൽകി രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 07/21.02.2019 |
| തടസ്സപ്പെടുത്തിയ തുക | 17,18,942/-രൂപ |

**3-2** തെരുവ് വിളക്കുകളുടെ മെയിന്റനൻസ്-ചെലവ് രേഖകൾ ഹാജരാക്കിയില്ല. തടസ്സം-**14,000/-**രൂപ

പ്രോജ നം- 259/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി. സെക്രട്ടറി

പദ്ധതിഅടങ്കൽ-2,00,000/-രൂപ (തനത് ഫണ്ട്)

ചെലവ് തുക- 14,000/-രൂപ

ചെക്ക് നം -തീയതി-009342/31-3-18

കരാറുകാരൻ -പ്രമോദ് സി.കെ

എൻക്വയറി നം -തീയതി-4/21-3-18

തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ലൈറ്റ് സ്ഥാപിക്കൽ , ഉപയോഗശൂന്യമായവ അഴിച്ച് മാറ്റൽ, മെയിന്റനൻസ് എന്നീ പ്രവൃത്തികൾക്കായി ടെൻഡറുകൾ വിളിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട്

ചെയ്ത പ്രമോദ് സി.കെ എന്നയാൾക്ക് കരാർ നല്കുകയും ചെയ്തു . ഈ പ്രവൃത്തികൾക്കാവശ്യമായ സാധനസാമഗ്രികൾ പഞ്ചായത്താണ് നല്കുന്നത്. കരാറുകാരന് 31-3-18 ൽ 14,000/-രൂപ നൽകി. എന്നാൽ ടിയാൾ എത്ര ലൈറ്റുകൾ മാറ്റി സ്ഥാപിച്ചെന്നോ, റിപ്പയർ നടത്തിയെന്നോ തുടങ്ങിയ വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല. മെയിന്റനൻസ് സംബന്ധിച്ച് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലുകളോ, ഉപകരണങ്ങൾ സപ്ലൈ ചെയ്തത് സംബന്ധിച്ച രജിസ്റ്ററുകളോ സൂക്ഷിച്ചിട്ടില്ല. ചെലവുരേഖകൾ ആവശ്യപ്പെട്ട് നല്കിയ ആഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തൻവർഷം ചെലവഴിച്ച 14,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-3** <u>എസ്സ് സി കോളനികളിലെ തെരുവ് വിളക്ക്കൾക്ക് മീറ്റർ സ്ഥാപിക്കൽ–പദ്ധതി പൂർത്തീകരിച്ചില്ല</u>

പ്രോജ നം- 151/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി. സെക്രട്ടറി

പദ്ധതി അടങ്കൽ-4,87,000/-രൂപ

ചെലവ് തുക-4,87,000/-രൂപ

ബിൽ നം-തീയതി-2/17-18 തീ 16-8-17

എസ്സ് സി കോളനികളിലെ തെരുവ് വിളക്ക്കൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് 16-8-17-ൽ 4,87,000/-രൂപ എക്സി. എൻജിനിയർ, ഇലക്ട്രിക്കൽ ഡിവിഷൻ, കെ എസ് ഇ ബി ,പുനലൂർ-ന് നലകിയിട്ടുണ്ട്. ഈ മീറ്ററുകൾ സ്ഥാപിച്ചതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. മീറ്ററുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് കെ എസ് ഇ ബി യുമായി കരാറും വച്ചിട്ടില്ല. പൂർത്തീകരണവിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ആഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,87,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പൂർത്തീകരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-തീയതി-4/21-2-18

തടസ്സപ്പെടുത്തിയ ചെലവ് – 4,87,000/-രൂപ

**3-4** <u>മഴക്കാല പൂർവ്വശുചീകരണം ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.</u>

| | | | |
|---|---|---|---|
| പദ്ധതി നം. | | എസ്.101/2017-2018 | |
| ഫണ്ട്, അടങ്കൽ | | മെയിന്റനൻസ് ഫണ്ട് (റോഡിതരം), 25,000/-രൂപ | |
| ചെലവ് | ബിൽ നമ്പർ | 09/2017-2018, തീയതി -08.08.2017 | 11,000/-രൂപ |
| | | 27/2017-2018, തീയതി -13.09.2017 | 14,000/-രൂപ |
| തുക | | 25,000/-രൂപ | |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മഴക്കാല പൂർവ്വ ശുചീകരണം പദ്ധതിയിൽ ബിൽ നമ്പർ-09/2017-18 തീയതി-08.08.2017 പ്രകാരം പിൻവലിച്ച 11,000/-രൂപയുടെ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 11,000/-രൂപയുടെ ചെലവിനാസ്പദമായ ബിൽ ഫയലിൽ നിന്ന് നഷ്ടപ്പെട്ടുകയും പുതിയ ബില്ലിന് വേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും രസീത് കിട്ടുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമായിട്ടുണ്ട്.
രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തിനാൽ ഈ ഇനത്തിൽ ചെലവായ 11,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| |
|---|
| ഓഡിറ്റ് എൻക്വയറി നം. – 01/15.02.2019<br>തടസ്സപ്പെടുത്തിയ തുക – 11,000/-രൂപ |

**3-5** <u>ജീവിതശൈലീ രോഗങ്ങൾ മരുന്ന് ഉപകരണങ്ങൾ വാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.</u>

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ജീവിതശൈലീ രോഗങ്ങൾ മരുന്ന് ഉപകരണങ്ങൾ വാങ്ങൽ പദ്ധതിക്കായി മരുന്നു വാങ്ങിയതിൽ ലഭ്യമായതും അല്ലാത്തതുമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി വിശദാംശങ്ങൾ | മരുന്ന് ലഭ്യമായവ | | ലഭ്യമാകാൻ ശേഷിക്കുന്ന മരുന്നുകളുടെ വിവരം |
|---|---|---|---|
| | ഇൻവോയ്സ് നമ്പർ, തീയതി | തുക (രൂപ) | |

| | | | | | |
|---|---|---|---|---|---|
| പദ്ധതി നമ്പർ | എസ്.208/2017-2018 ജീവിതശൈലീ രോഗങ്ങൾ മരുന്ന് ഉപകരണങ്ങൾ വാങ്ങൽ | | 6770/17.08.2018 | 14,393 | 56,184 |
| | | | 7497/22.08.2018 | 3,774 | |
| ഫണ്ട്, അടങ്കൽ | മെയിന്റനൻസ് ഫണ്ട് | 1,76,000/- | 840/22.08.2018 | 3,808 | |
| ബിൽ നമ്പർ | 30/2017-18 തീയതി 27.02.2018 | 1,76,000/- | 7131/22.08.2018 | 14,981 | |
| പി.അർഎഫ് നമ്പർ | 1152/27.01.2018 – 1,61,607/- 3801/27.01.2018 – 14,393/- | | 1028/29.08.2018 | 8,920 | |
| | | | 1055/30.09.2018 | 6,732 | |
| | | | 9565/30.09.2018 | 11,069 | |
| | | | 6759/17.08.2018 | 29,345 | |
| | | | 8087/06.09.2018 | 7,699 | |
| | | | 1609/14.11.2018 | 7,888 | |
| | | | 15355/29.12.2018 | 11,207 | |
| | | | ആകെ | 1,19,816 | 56,184 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

| |
|---|
| ഓഡിറ്റ് എൻക്വയറി നമ്പർ – 01/2017-2018/15.02.2018 |

**3-6** <u>പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, ചെലവ് തടസ്സപ്പെടുത്തുന്നു.</u>

2017 – 2018-ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി വിശദാംശങ്ങൾ | | ചെലവ് തുക (രൂപ) |
|---|---|---|---|
| 1 | എസ്.122/2018 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 25,10,400 |

| | | | | |
|---|---|---|---|---|
| | അടങ്കൽ ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 25,47,534 | |
| | | തനത് ഫണ്ട് | 2,466 | |
| | ചെലവ് ബിൽ നമ്പർ | 26/20.01.2018 | 25,10,400 | |
| | നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ മേജർ സെക്ഷൻ പുനലൂർ | | |
| 2 | എസ്.281/2018 | ചാലിയക്കര, ചെറുകടവ് വാർഡിൽ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | | 3,50,800 |
| | അടങ്കൽ ഫണ്ട് | വികസന ഫണ്ട് | 3,50,800 | |
| | ചെലവ് ബിൽ നമ്പർ | 40/02.03.2018 | 3,50,800 | |
| | നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ മേജർ സെക്ഷൻ പുനലൂർ | | |
| 3. | എസ്.287/2018 | ഇടത്തറപ്പണ, ഹോളിമാസ് മേഖലകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 2,49,000 |
| | അടങ്കൽ ഫണ്ട് | വികസന ഫണ്ട് | 2,50,000 | |
| | ചെലവ് | 32/08.02.2018 | 2,49,000 | |

| | | | | |
|---|---|---|---|---|
| | ബിൽ നമ്പർ | | | |
| | നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി, പുനലൂർ | | |

| | | | | |
|---|---|---|---|---|
| 4. | എസ്.288/2018 | പത്തേക്കർവാർഡിൽ, കുന്നംപുറം മേഖലകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 2,00,000 |
| | അടങ്കൽ ഫണ്ട് | വികസന ഫണ്ട് | 2,00,000 | |
| | ചെലവ് ബിൽ നമ്പർ | 33/02.03.2018 | 2,00,000 | |
| | നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി, പുനലൂർ | | |
| | | | ആകെ | 33,10,200 |

പൂർത്തീകരണം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിലേയ്ക്കായി നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് ക്രമ നമ്പർ 1 പ്രകാരമുള്ള പദ്ധതിയുടെ നിർവ്വഹണത്തിനായി ടെണ്ടർ നടപടികൾ ആരംഭിച്ചതേയുള്ളെന്നും മറ്റുള്ളവ പൂർത്തീകരിച്ച പദ്ധതികളാണെങ്കിലും സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുക 33,10,200രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ / സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 05/16.02.2019 |
| തടസ്സപ്പെടുത്തിയ തുക | 33,10,200/-രൂപ |

**3-7** <u>പി.എച്ച്.സി ലാബിലേക്ക് റിയേജന്റ് വാങ്ങൽ - റിയേജന്റ്സ് പൂർണ്ണമായും ലഭ്യമായിട്ടില്ല.</u>

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പി.എച്ച്.സി ലാബിലേക്ക് റിയേജന്റ് വാങ്ങൽ പദ്ധതിയിൽ മെഡിഹൗസ്, മെഡി പ്ലാസ, മെഡിക്കൽകോളജ് പി.ഒ. എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ വഴി റിയേജന്റ് വാങ്ങുന്നതിന് കരാറിലേർപ്പെട്ടു. എന്നാൽ നാളിതുവരെ റിയേജന്റ്സ് പൂർണ്ണമായും ലഭ്യമായിട്ടില്ല. ലഭ്യമായതും അല്ലാത്തതുമായ റിയേജന്റ്കളുടെ വിവരം ചുവടെ ചേർക്കുന്നു.

<table>
<tr><th colspan="3" rowspan="2">പദ്ധതി നമ്പർ</th><th colspan="2">റിയേജന്റ് ലഭ്യമായവ</th><th rowspan="2">ലഭ്യമാകാൻ ശേഷിക്കുന്ന തുക (രൂപ)</th></tr>
<tr><th>ഇൻവോയ്സ് നമ്പർ, തീയതി</th><th>തുക (രൂപ)</th></tr>
<tr><td rowspan="2">പദ്ധതി നമ്പർ</td><td colspan="2" rowspan="2">എസ്:210/2017-2018 പി.എച്ച്.സി യിലേക്ക് റിയേജന്റ് വാങ്ങൽ</td><td>എ.എച്ച്.ബി.സി 02106/2017-2018 തീയതി 30.01.2018</td><td>33,719</td><td rowspan="6">63,044</td></tr>
<tr><td>എ.എച്ച്.ബി.സി 09/2018-2019 തീയതി 04.04.2018</td><td>7,069</td></tr>
<tr><td>ഫണ്ട്, അടങ്കൽ</td><td>വികസന ഫണ്ട്</td><td>1,50,000/-</td><td>എ.എച്ച്.ബി.സി 02206/2018-2019 തീയതി 17.10.2018</td><td>10,567</td></tr>
<tr><td>ബിൽ നമ്പർ</td><td>26/2017-18 തീയതി 18.01.2018</td><td>1,50,000/-</td><td>എ.എച്ച്.ബി.സി 02559/2018-2019 തീയതി 16.11.2018</td><td>19,416</td></tr>
<tr><td rowspan="2"></td><td colspan="2" rowspan="2"></td><td>എ.എച്ച്.ബി.സി 02943/2018-2019 തീയതി 19.12.2018</td><td>3,040</td></tr>
<tr><td>എ.എച്ച്.ബി.സി</td><td>10,698</td></tr>
</table>

| | | | |
|---|---|---|---|
| | 03403/2018-2019 തീയതി 30.01.2019 | | |
| | എ.എച്ച്.ബി.സി 03541/2018-2019 തീയതി 09.02.2019 | 2,447 | |
| ആകെ | | 86,956 | 63,044 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റിയേജന്റ്കൾ ആവശ്യത്തിനനുസരിച്ച് ലഭ്യമാകുന്നുണ്ടെന്നും പൂർണ്ണമായും ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ഓഡിറ്റ് എൻക്വയറി നമ്പർ –01/2017-2018/15.02.2018 |
|---|

**3-8** <u>കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാൻ കഴിയാത്ത അവസ്ഥയിൽ.</u>

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1, ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് സാമ്പത്തിക വർഷം കഴിഞ്ഞിട്ടും നിക്ഷേപകൻ അവകാശമുന്നയിക്കാത്ത ഡെപ്പോസിറ്റുകൾ എല്ലാ സാമ്പത്തിക വർഷത്തിന്റെയും അവസാനം തനത്ഫണ്ട് അക്കൌണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ബി-7 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലായി ലഭിച്ച ഡെപ്പോസിറ്റുകളിൽ 4,31,625/-രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി തുകകൾ ഏതൊക്കെ വർഷങ്ങളിലായി ലഭ്യമായതാണെന്നുള്ള രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട തുക എത്രയെന്ന് കണക്കാക്കുന്നതിനും ആയത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടാനും സാധിക്കുന്നില്ല. ഡെപ്പോസിറ്റിനത്തിൽ ലഭ്യമായ തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കി ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാലഹരണപ്പെട്ട തുകകൾ തനത്ഫണ്ടിൽ മുതൽകൂട്ടി വിവരം അറിയിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## ഭാഗം-4

<u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-2018 | 5,00,000 | പൂരകപോഷകാഹാരം | 5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 99,000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 99,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 50,000 | പാലിന് സബ്സിഡി | 50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 2,03,400 | പാലിന് സബ്സിഡി | 2,03,400 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| 1. | കെ.എസ്.ഇ.ബി. | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 26/20.01.18 | 25,10,400 | 0 | 25,10,400 |
| 2. | കെ.എസ്.ഇ.ബി. | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 40/02.03.18 | 3,50,800 | 0 | 3,50,800 |
| 3. | കേരള വാട്ടർ അതോറിറ്റി | വാട്ടർ കണക്ഷൻ | 32/08.02.18 | 2,49,000 | 0 | 2,49,000 |
| 4. | കേരള വാട്ടർ | വാട്ടർ | 33/08.02.18 | 200000 | 0 | 2,00,000 |

| | | | | | | |
|---|---|---|---|---|---|---|
| | അതോറിറ്റി | കണക്ഷൻ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 4,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്) | നിക്ഷേപിച്ച തിയതി | കാലയളവ് (രൂപ) | തുക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 2,006 | - | 4,000 | - |
| ആകെ | | | | 4,000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 36,149/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-2012 & 2012-2013 | 3-3 | 14,552 | കെ.ജയകുമാർ , അസി.എഞ്ചിനീയർ | 117030100505/ 05.06.17 |

| | | | | |
|---|---|---|---|---|
| 2011-2012 & 2012-2013 | 3-4 | 21,597 | കെ.ജയകുമാർ , അസി.എഞ്ചിനീയർ | 117030100504/ 05.06.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ്റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-5 | 2002-03 | VII-2-(5) | തെൻമല മാർക്കറ്റ് റോഡ് ഉദ്ധാരണം | ലഭ്യമല്ല. |
| 2004-05 | 3-4 | 2010-11 | 5-2.6(1) | SGRY ഗാന്ധി ജം.-ഏലാ റോഡ് പണി പൂർത്തീ കരിച്ചില്ല. | ടി ഖണ്ഡിക (3-4 ) 2005-06 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-13-ലേക്ക് ക്യാരി ഓവർ ചെയ്തതിനാൽ ഖണ്ഡിക 3-13 തീർപ്പാക്കുന്ന മുറയ്ക്ക് ഖണ്ഡിക 3-4 തീർപ്പാക്കാവുന്നതാണ്. |
| 2005-06 | 3-13 | 2010-11 | 5-2.6(1) | മുൻകൂർ നൽകിയിട്ടും പ്രവൃത്തി ആരംഭിച്ചില്ല. | ലഭ്യമല്ല. |
| 2008-09 | 3-13 | 2010-11 | 5-2.6 (2) | ഹരിയാലി പദ്ധതിയിൽ ക്രമക്കേട്-ബാങ്ക് പലിശ കൃഷി ഓഫീസർ പിൻവലിച്ചു | പിൻവലിച്ചിട്ടുള്ള തുക കൃഷി ഓഫീസർ 10-05-12 ൽ 36104/83 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. |
| 2008-09 | 3-5 | 2011-12 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് | ലഭ്യമല്ല. |

| | | | | | |
|---|---|---|---|---|---|
| | | | | ആനുകൂല്യം നൽകി. | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർ ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,12,98,272 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,46,80,586/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 97,699/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 55,41,142/- |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 97,699/- | - | ശ്രീ. ശ്രീ.രാജു.എം., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 17,18,942/- | ശ്രീ. ശ്രീ.രാജു.എം., |

| | | |
|---|---|---|
| | | സെക്രട്ടറി |
| 3-2 | 14,000/- | ശ്രീ. മൈക്കിൾ.സി, അസി.സെക്രട്ടറി |
| 3-3 | 4,87,000/- | ശ്രീ. മൈക്കിൾ.സി, അസി.സെക്രട്ടറി |
| 3-4 | 11,000/- | ഡോ. സയിദ് മുഹമ്മദ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 3-6 | 33,10,200/- | ശ്രീ. ശ്രീ.രാജു.എം., സെക്രട്ടറി |
| ആകെ | 55,41,142/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ജി.എസ്.ടി. | |
| 2-2 | 7,650/- | ശ്രീ. ശ്രീ.രാജു.എം., സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജു.എം., സെക്രട്ടറി | സെക്രട്ടറി, കരവാളൂർ ഗ്രാമപഞ്ചായത്ത് | ന്യൂഗാർഡൻസ്, പൊടിയാറ്റുവിള പി.ഒ. വാളകം-691532 |
| ഡോ. സയിദ് മുഹമ്മദ്, | ---- | ലഭ്യമല്ല. |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.) | | |
| ശ്രീ.മൈക്കിൾ.സി,<br>അസി.സെക്രട്ടറി | ---- | വിമല ഹൗസ്,<br>പേരയം,<br>കുമ്പളം പി.ഒ. |

## 4-10 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേ തീർപ്പാക്കാൻ ഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(4)/18 തീയതി-02/03/18 | 4 |
| 1998-1999 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(5)/18 തീയതി-02/03/18 | 1 |
| 1999-2000 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(6)/18 തീയതി-02/03/18 | 3 |
| 2000 -01 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(7)/18 തീയതി-02/03/18 | 11 |
| 2001 -02 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(8)/18 തീയതി-02/03/18 | 12 |
| 2002 -03 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(9)/18 തീയതി-02/03/18 | 10 |
| 2003 -04 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(10)/18 തീയതി-02/03/18 | 4 |
| 2004 -05 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(11)/18 തീയതി-02/03/18 | 4 |
| 2005 -06 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(12)/18 | 5 |

| | | |
|---|---|---|
| | തീയതി-02/03/18 | |
| 2006-07 | എൽ.എഫ്.ക്യൂ.പി.7-1324(15)/14,<br>തീയതി 19.06.14 | --- |
| 2007-08 | എൽ.എഫ്.ക്യൂ.പി.7-1324(16)/14,<br>തീയതി 19.06.14 | --- |
| 2008-09 | എൽ.എഫ്.ക്യൂ.പി.7-1324(17)/14,<br>തീയതി 19.06.14 | --- |
| 2009-10 | എൽ.എഫ്.ക്യൂ.പി.7-1324(18)/14,<br>തീയതി 19.06.14 | --- |
| 2010-11 | എൽ.എഫ്.ക്യൂ.പി.7-1324(19)/14,<br>തീയതി 19.06.14 | --- |
| 2011-12<br>&<br>2012-13 | എൽ.എഫ്.ക്യൂ.പി.7-1912/13,<br>തീയതി 31.03.14 | --- |
| 2013-14<br>&<br>2014-15 | കെ.എസ്.എ-കെ.എൽ.എം-പി7.704/2016<br>തീയതി 17.05.2016. | --- |
| 2006-07 | എൽ.എഫ്.ക്യൂ.പി.7-1324(15)/14,<br>തീയതി 19.06.14 | --- |
| 2007-08 | എൽ.എഫ്.ക്യൂ.പി.7-1324(16)/14,<br>തീയതി 19.06.14 | --- |
| 2015-16 | കെ. എസ് .എ .-കെ .എൽ. എം.പി1/<br>470 / 18/16.03.18 | 9 |
| 2016-17 | കെ. എസ് .എ .-കെ .എൽ. എം.പി /1 /1778<br>/2017/ 30.10.17 | |

*ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)*
*ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം*

**<u>അനുബന്ധം-1</u>**

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18.

കെ.എസ്.എ-കെ.എൽ.എം.പി1-328/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in
തീയതി : 04.05.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തെന്മല ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക തെന്മല ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം

## <u>അനുബന്ധം **-2**</u>

<u>അനുബന്ധപത്രികകൾ.</u>

1.രസീറ്റ് ആന്റ് പേയ്മെന്റ് സേറ്റ്മെന്റ് സംക്ഷിപ്തം (Audited Abstract)

2.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

3.ബാലൻസ് ഷീറ്റ്

*ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)*
*ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം*